**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1481** **03-02-2026-ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും എയ്ഡഡ് മേഖലയിൽ അനുവദിച്ച സ്കൂളുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തുമായി സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും എയ്ഡഡ് മേഖലയിൽ സ്കൂളുകളും ഹയർ സെക്കൻഡറികളും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ആർക്കെല്ലാം; ഏതെല്ലാം മേഖലയിലാണ് അനുവദിച്ചതെന്നതിന്റെ വിശദാംശം നൽകാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തുമായി സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും എയ്ഡഡ് മേഖലയിൽ ഹൈ സ്കൂൾ തലം വരെ സ്കൂളുകൾ അനുവദിച്ചിട്ടില്ല. എന്നാൽ, ടി കാലയളവിൽ സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും ആയി അനുവദിച്ചിട്ടുള്ള എയ്ഡഡ് ഹയർ സെക്കണ്ടറി വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | സ്കൂളിന്റെ പേര് | സ്കൂൾ അനുവദിച്ച വർഷം |
|---|---|---|---|
| 1 | തിരുവനന്തപുരം | ശ്രീ. സേതു പാർവതി ഭായി ഹയർ സെക്കണ്ടറി സ്കൂൾ, കടക്കാവൂർ | 2017 |
| 2 | മലപ്പുറം | വളാഞ്ചേരി ഹയർ സെക്കണ്ടറി സ്കൂൾ, മലപ്പുറം | 2016 |
| 3 | മലപ്പുറം | കാരുണ്യ ഭവൻ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ദ ഡെഫ്, മലപ്പുറം | 2016 |

**(ബി)** എയ്ഡഡ് മേഖലയിൽ സ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും അനുവദിക്കാൻ സ്വകാര്യവ്യക്തികളോ സംഘടനകളോ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് അപേക്ഷ നൽകിയിട്ടുള്ളത്; ഇത് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

**<u>മറുപടി:</u>** എയ്ഡഡ് മേഖലയിൽ എൽ. പി, യു.പി, ഹൈസ്കൂളുകൾ എന്നിവ അനുവദിക്കുന്നതിന് സ്വകാര്യവ്യക്തികളോ സംഘടനകളോ ഒന്നും തന്നെ അപേക്ഷകൾ നല്കിയിട്ടില്ല. മുൻ വർഷങ്ങളിലെ വിദ്യാഭ്യാസ ആവശ്യകതകൾ പരിശോധിച്ചതിൽ പുതിയ വിദ്യാലയങ്ങളോ അധിക ബാച്ചുകളോ അനുവദിക്കുന്നതിനായി ഹയർ സെക്കണ്ടറി കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് ശിപാർശ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ